**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 962** **07-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ കാനംവയൽ സാംസ്കാരിക നിലയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന കാനംവയൽ പട്ടികവർഗ്ഗ കോളനിയിലെ സാംസ്കാരിക നിലയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ് എന്ന് അറിയിക്കാമോ; | (എ) | കാനംവയൽ പട്ടികവർഗ്ഗ കോളനിയിലെ സാംസ്കാരിക നിലയം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള 37 ലക്ഷം രൂപയിൽ 35,42,580/-രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫ്ലോർ ടൈലിംഗ്, വിൻഡോ ഷട്ടർ, ടോയ്‌ലറ്റ്, പ്ലംബിംഗ് വർക്കുകൾ എന്നിവ പൂർത്തീകരിക്കാനുണ്ട്. |
| (ബി) | പ്രവൃത്തി പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ; | (ബി) | ആദ്യം അനുവദിച്ച തുക തികയാതെ വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. |
| (സി) | സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്ന പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സാംസ്കാരിക നിലയം നിർമ്മാണത്തിന് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയാണ് ഭരണാനുമതി നൽകിയത് എന്ന് അറിയിക്കാമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ